# ചേകനൂരിസത്തിലെ നമസ്കാരത്തിന്റെ രൂപം

അബ്ദുൽ മാലിക് മൊറയൂർ

പരിശുദ്ധ ഇസ്‌ലാമിനെ ഉള്ളിൽ നിന്ന് തകർക്കാൻ വ്യാമോഹിച്ച ചേകന്നൂർ മൗലവി, നമസ്കാരത്തെ തന്നെ അട്ടിമറിച്ച രീതി നമ്മൾ കണ്ടുകഴിഞ്ഞു.[1] പ്രവാചകൻ(ﷺ) പഠിപ്പിച്ച സുന്ദരമായ നമസ്കാരത്തെ തകിടം മിറക്കാൻ ശ്രമിച്ച ചേകന്നൂർ അതിന്റെ സമയത്തിലും എണ്ണത്തിലും മാത്രമല്ല കത്തിവെച്ചത്. മറിച്ച് അതിന്റെ രൂപം തന്നെ അടിമുടി മാറ്റി തനിക്ക് തോന്നിയ കോലത്തിൽ ഒരു നമസ്കാര രൂപം അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹം അവതരിപ്പിച്ച നമസ്കാരകോലം പരിശോധിക്കുമ്പോൾ ഹദീഥുകൾ തള്ളുന്ന ഒരു മനുഷ്യൻ പ്രാപിക്കുന്ന ദുർഗതിയുടെ ആഴം നമുക്ക് വ്യക്തമാവും.

നമസ്കരിക്കണമെന്ന ഒരു പൊതു നിർദ്ദേശം നൽകുക മാത്രമാണ് ക്വുർആൻ ചെയ്തിട്ടുള്ളത്. അതല്ലാതെ നമസ്കാരത്തിന്റെ സമ്പൂർണരൂപവും പ്രാർത്ഥനകളും മറ്റു വിശദാംശങ്ങളുമൊന്നും ക്വുർആൻ പരാമർശിച്ചിട്ടില്ല. ക്വുർആൻ വിശദീകരിച്ചുതരാൻ വേണ്ടി അല്ലാഹു നിയോഗിച്ച പ്രവാചകനാണ് നമസ്കാര രൂപവും മറ്റും സമ്പൂർണ്ണവും സമഗ്രവുമായി സമൂഹത്തെ പഠിപ്പിച്ചത്. എന്നാൽ, ക്വുർആനിൽ നമസ്കാരത്തിന്റെ വിശദരൂപം വിവരിക്കപ്പെട്ടിട്ടില്ല. അത് ഹദീഥിലാണ് ഉള്ളത് എന്നംഗീകരിച്ചാൽ പിന്നെ ചേകന്നൂരീ മതത്തിന്റെ അടിത്തറ തകരുമല്ലോ. അതുകൊണ്ടു തന്നെ, ക്വുർആനിൽ നമസ്കാരത്തിന്റെ വിശദവിവരം വിവരിക്കപ്പെട്ടിട്ടുണ്ട് എന്ന് വരുത്തിത്തീർക്കൽ ചേകന്നൂരിന് അനിവാര്യമായിരുന്നു. അതിനുള്ള ഒരു വൃഥാശ്രമമാണ്. ''ക്വുർആനിലെ നമസ്കാരരൂപം' എന്ന തന്റെ കൃതിയിലൂടെ ചേകന്നൂർ നടത്തിനോക്കിയത്. പക്ഷെ തികഞ്ഞ പരാജയമായിരുന്നു ഫലം. പതിനാല് നൂറ്റാണ്ട് കാലമായി മുസ്‌ലിംകൾ നിരാക്ഷേപം നടത്തിവരുന്ന അഞ്ചുനേര നമസ്കാരരൂപത്തെ തകിടം മറിച്ച് ഒരു പുതിയ നമസ്കാര രൂപമാണ് താൻ അവതരിപ്പിക്കാൻ പോവുന്നതെന്ന് ചേകന്നൂർ തന്നെ സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം തന്നെ പറയട്ടെ: ''ആയിരത്തിലേറെ വർഷങ്ങളായി ലോക പുരോഹിതന്മാർ പഠിപ്പിച്ചുപോന്നതും, ഇപ്പോഴവർ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ നമസ്കാരക്രമം ആകെ പൊളിച്ചെഴുതിക്കൊണ്ടുള്ള ക്വുർആനിക നമസ്കാര ക്രമമാണിവിടെ അവതരിപ്പിക്കുന്നത്.'' *(ക്വുർആനിലെ നമസ്കാര രൂപം: ക്വുർആൻ സുന്നത്ത് സൊസൈറ്റി. പേജ്. 49)*

അപ്പോൾ സംഗതി വ്യക്തമായല്ലോ. പ്രവാചകനോ സ്വഹാബത്തിനോ മുസ്‌ലിം സമൂഹത്തിനോ പരിചയമില്ലാത്ത ഒരു കവാത്ത് ആണ് താനിവിടെ അവതരിപ്പിക്കുന്നതെന്ന് അദ്ദേഹം തന്നെ സമ്മതിച്ചു. എന്നാലും അദ്ദേഹം സ്വയം ആശ്വാസം കൊള്ളുന്നതുകൂടി കാണുക: ''അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ ക്വുർആനിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളതും നബിയുടെ സുന്നത്താണെന്ന് പൂർണ്ണമായും വിശ്വസിക്കുന്നതുമായ നമസ്കാരക്രമത്തിന്റെ സമഗ്രമായ രൂപമാണ് ഈ കൃതിയിലൂടെ ഈയുള്ളവൻ സമർത്ഥിക്കുന്നത്''. *(പേജ്. 32)* അദ്ദേഹത്തിന്റെ ഈ വാദോലയുടെ മറ്റൊരു പോരിശ കൂടി കാണുക:

[1] http://salafivoice.com/articles/Namaskaram_Chekannorisathile_Parinaamangal.pdf

‘‘ക്വുർആനിലെ നമസ്കാരരൂപം പൂർണ്ണമായി തെളിയിക്കപ്പെട്ട ലോക ചരിത്രത്തിലെ ആദ്യത്തെ ഗ്രന്ഥം’’ *(പുറംചട്ട)*

ശരി, ഇനി ഈ മഹാഗ്രന്ഥത്തിലെ മഹാ വിഡ്ഢിത്തങ്ങൾ ഓരോന്നോരോന്നായി നമുക്കൊന്ന് വിശകലനം ചെയ്തുനോക്കാം.

നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോൾ പ്രഥമമായി വേണ്ടത് ശുദ്ധിയാണെന്ന കാര്യം ഏതൊരാൾക്കും അറിവുള്ള സംഗതിയാണല്ലോ. ശുദ്ധിയില്ലാതിരുന്നാൽ നമസ്കാരം ശരിയാവില്ല എന്നു മറിയാം. എന്നാൽ ചേകന്നൂർ മതത്തിലെ നമസ്കാരത്തിൽ നമസ്കാരത്തിന് മുമ്പുള്ള ശുദ്ധീകരണമായ വുദുവോ തയമ്മുമോ ആവശ്യമില്ല. വലിയ അശുദ്ധി– ജനാബത്ത്– ഉണ്ടാവാതിരുന്നാൽ മതി. മാത്രവുമല്ല, ആർത്തവകാരികൾക്കോ, പ്രസവരക്തമുള്ള സ്ത്രീകൾക്കോ നമസ്കരിക്കുന്നതിന് വിരോധമില്ലെന്ന് മാത്രമല്ല നിർബന്ധം കൂടിയാണ്!! കാരണം ആർത്തവകാരികളേയും മറ്റും നമസ്കാരത്തിൽ നിന്ന് ക്വുർആൻ ഒഴിവാക്കിയിട്ടില്ലല്ലോ! നമസ്കാരത്തിനുള്ള ശുദ്ധിയെക്കുറിച്ച് ചേകന്നൂർ പറയുന്നത് കാണുക:

‘‘വുളുവെടുക്കലോ തയമ്മം ചെയ്യലോ നമസ്കാരത്തിന്റെ ശർത്ത് (നിർബന്ധം) ആയി പരിഗണിക്കാൻ പാടുള്ളതല്ല. കാരണം അത് രണ്ടുമില്ലാതെ നമസ്കരിക്കാൻ പാടില്ലെന്നോ അങ്ങനെ നമസ്കരിച്ചാൽ ആ നമസ്കാരം ശരിയാവുകയില്ലെന്നോ ഉള്ള യാതൊരു സൂചനയും ക്വുർആനിലില്ല.’’ *(ക്വുർആനിലെ നമസ്കാരരൂപം: പേജ്. 37)*

ഇത് മാത്രമല്ല, നമസ്കാരത്തിന് മുമ്പ് വുദു എടുക്കൽ നിർബന്ധമാണെന്ന നിയമം ജൂതന്മാർ കെട്ടിയുണ്ടാക്കിയതാണെന്നും മഹാനവർകൾ കണ്ടെത്തിയിട്ടുണ്ട്! വല്ലാത്ത ഗവേഷണം തന്നെ!! അദ്ദേഹത്തിന്റെ വാക്കുകൾ കാണുക:

‘‘വുദുവില്ലാതെ നമസ്കാരം സ്വീകാര്യമല്ലെന്ന സാക്ഷാൽ ജൂതനിയമം ആദ്യമായി ഇസ്‌ലാമിൽ പ്രഖ്യാപിച്ചത് ജൂതമുനാഫിഖായ അബൂ ഹുറൈറയാണ്. വുദുവോ തയമ്മുമോ ചെയ്യാതെ നമസ്കരിക്കുന്നത് കുറ്റകരമാണെന്നോ ശിക്ഷാർഹമാണെന്നോ ഉള്ള സൂചനയും ക്വുർആനിലില്ലാത്തതാണ്’’. *(പേജ്. 37)*

നമസ്കരിക്കാൻ വുദുവിന്റെ ആവശ്യമില്ലെന്ന് വാദിക്കുന്ന ചേകന്നൂരിനേക്കാൾ ഈ വിഷയത്തിൽ ചേകന്നൂർ പറഞ്ഞതുപോലെ ജൂതന്മാരാണ് നല്ലത് എന്ന് പറയേണ്ടിവരും. കാരണം വൃത്തികെട്ട ഈ ജീവികളേക്കാൾ നല്ലത് വൃത്തിയുള്ളവരാണല്ലോ. വുദു നമസ്കാരത്തിന്റെ ശർത്തല്ലെന്ന് കണ്ടെത്തിയ ചേകനൂർ നമസ്കാരത്തിന്റെ പുതിയൊരു ശർത്തിനെ ഗവേഷണം നടത്തി കണ്ടെത്തിയിരിക്കുന്നു. അതെന്താണെന്നല്ലേ? അമ്പരക്കേണ്ട. സകാത്ത്! സകാത്ത് നമസ്കാരത്തിന്റെ ശർത്താണ്പോലും!! അദ്ദേഹം പറയട്ടെ:

‘‘ശഹാദത്ത് ചൊല്ലിയവനായിരിക്കൽ ശർത്താണെന്നതുപോലെ സകാത്ത് കൊടുക്കുന്നവനായിരിക്കലും നമസ്കാരത്തിന്റെ ശർത്തിൽ പെട്ടതാണെന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്’’ *(പേജ്. 38)*

സകാത്ത് എന്ന് കേൾക്കുമ്പോൾ മുസ്‌ലിംകൾ സാധാരണയായി കൊടുത്തുവരാറുള്ള സകാത്താണെന്നാരും തെറ്റിദ്ധരിക്കരുത്. ചേകന്നൂർ മതത്തിലെ സകാത്ത് എന്താണെന്ന് ചേകന്നൂർ തന്നെപറയട്ടെ. ‘‘ക്വുർആന്റെ ദൃഷ്ടിയിൽ ഒന്നാമത്തെ സകാത്ത് കുടുംബം പോറ്റലാണ്!’’ *(ക്വുർആനിലെ നമസ്കാരരൂപം പേജ്. 47)*

അപ്പോൾ കുടുംബമില്ലാത്തവന്റെ നസ്കാരം വെള്ളത്തിലെ വരമാത്രം. അതിന്റെ മറ്റൊരർത്ഥം, കുടുംബമാവുന്നതുവരെ നമസ്കരിക്കേണ്ടതില്ല എന്നാണ്! എന്തൊരു മതം!

വുദുവിനെ ജൂതനിയമമാക്കിയ ചേകന്നൂരീ മതത്തിലെ ശുദ്ധീകരണ രൂപം ബഹുരസമാണ്. അദ്ദേഹം പറയുന്നു:

''കൈകാലുകളും മുഖവും കഴുകാതെ ആസനവും വായും കഴുകി ശുദ്ധിയാക്കി നമസ്കരിച്ചാൽ ആ നമസ്കാരം ശരിയാവുമെന്നാണ് ക്വുർആൻ സുന്നത്തുകാരായ നമ്മുടെ മദ്ഹബ്'' *(പേജ്. 39)*

ഏതൊക്കെ വസ്തുക്കളാണ് ശുദ്ധിയുള്ളത്, ഏതൊക്കെയാണ് മാലിന്യങ്ങൾ എന്നും മഹാനവർകൾ പഠിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശുദ്ധിയുടെ പട്ടികയിൽ ആദ്യം വരുന്നതെന്താണെന്നോ? മൂത്രം! സാക്ഷാൽ മൂത്രം!! ഒട്ടും അൽഭുതപ്പെടേണ്ട. ഇത് ചേകന്നൂരീ മതമാണ്. ഇതിനപ്പുറവും പ്രതീക്ഷിക്കാം. തന്റെ മൂത്രപ്രേമം ചേകന്നൂർ തന്നെ വെളിപ്പെടുത്തുന്നത് നോക്കൂ:

''എന്നിട്ടീ പുരോഹിതന്മാർ തിരിഞ്ഞതോ; മാലിന്യത്തിൽ കഫത്തേക്കാൾ എത്രയോ ലഘുവും നിസ്സാരവുമായ മൂത്രത്തിന്റെ നേർക്കാണ്. ജൂതപുരോഹിതന്മാരെ അനുകരിച്ചുകൊണ്ട് മൂത്രമൊരു മഹാമാലിന്യമാണെന്ന് അവർ പ്രഖ്യാപിച്ചു''. *(പേജ്. 40)*

വീണ്ടും പറയുന്നു. ''കഫത്തിന്റെയും മൂക്കട്ടയുടേയും പത്തിലൊരംശംപോലും മാലിന്യമില്ലാത്ത മൂത്രത്തിന്റെ ചെറിയൊരംശത്തിന്റെ പേരിൽ മുസ്‌ലിംകളെ മുഴുവൻ വിഷമിപ്പിക്കാനും കഷ്ടപ്പെടുത്താനും ഒരുമ്പെട്ടിരിക്കുന്നതെന്ന ദു:ഖസത്യം നമുക്കൊരുകാലത്തും മറക്കാവതല്ല''. *(പേജ്. 42)*

കണ്ടല്ലോ? മൂത്രം ശുദ്ധി. കഫം അശുദ്ധി! മനുഷ്യർ ചിലപ്പോൾ കഫം താഴോട്ടിറക്കാറുണ്ട്. എന്നാൽ ആരും മൂത്രം കുടിക്കാറില്ല. മൂത്രം കുടിച്ച ചിലരുണ്ടായിട്ടുണ്ട്. പക്ഷെ അവരാരും തന്നെ കഫത്തേക്കാൾ ശുദ്ധമാണ് മൂത്രമെന്ന് വാദിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ലോകത്താദ്യമായി കഫത്തേക്കാൾ ശുദ്ധമാണ് മൂത്രമെന്ന് കണ്ടെത്തിയ ചേകന്നൂരിനും അനുയായികൾക്കും ഒരു 'മൊറാർജി അവാർഡിന്' തരമുണ്ട്. ഇതിലും വലിയ രസം വേറെയുണ്ട്! മൂത്രം അശുദ്ധമാണെന്ന് വാദിക്കുന്നത് ജൂതായിസമാണെത്രെ! *(പേജ്. 40)* എങ്കിൽ ഈ മൂത്രക്കുടിയന്മാരേക്കാൾ നല്ലത് ഈ വിഷയത്തിൽ ജൂതന്മാരാണ്! ചേകന്നൂരിന്റെ വാലിൽ തൂങ്ങി ഏന്തിവലിഞ്ഞ് വമ്പന്മാരാവാൻ കൊതിക്കുന്ന ചേകന്നൂരികളോട് വിനയപൂർവ്വം ചോദിക്കട്ടെ! ചേകന്നൂരിന്റെ ഈ മൂത്രഗവേഷണത്തെക്കുറിച്ച് നിങ്ങൾക്ക് എന്ത് പറയാനുണ്ട്. അനുകൂലമാണ് മറുപടി എങ്കിൽ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും ഈ 'ചേകന്നൂരീ സുന്നത്ത്' പാലിക്കാൻ നിങ്ങൾ തയ്യാറുണ്ടോ?

ചേകന്നൂരിന്റെ ഈ മൂത്രപ്രേമത്തിന്റെ പിന്നിലൊരു ചരിത്രമുണ്ട്. അതദ്ദേഹം തന്നെ പറയുന്നതാണ് നല്ലത്.

''ഒരിക്കൽ മൂത്രമൊഴിച്ചാൽ രണ്ടും മൂന്നും പ്രാവശ്യം കഴുകാനിരിക്കൽ എന്റെ സ്ഥിരം പതിവായിരുന്നു. സംശയം ദൂരീകരിച്ചുശുദ്ധി ഉറപ്പുവരുത്തലായിരുന്നു അതിന്റെ ലക്ഷ്യം. കുറേകാലം കഴിഞ്ഞപ്പോൾ മണിക്കൂറുതോറും മൂത്രമൊഴിക്കേണ്ട ഗതികേടിലെത്തി. അപ്പോഴൊക്കെ രണ്ടും മൂന്നും തവണ കഴുകലും കൂടിയായപ്പോൾ പഠിക്കാനുള്ള സമയത്തിന്റെ വലിയൊരു ഭാഗം മൂത്രശുചീകരണത്തിന് നീക്കി വെക്കേണ്ടിവന്നു...... അപ്പോഴാണ് മൂത്രശുചീകരണത്തെപറ്റി സമഗ്രമായൊരു പഠനം നടത്തണമെന്ന് തീരുമാനിച്ചത്......അങ്ങിനെ ക്വുർആൻ സമഗ്രമായി പരിശോധിച്ചു. അപ്പോൾ ക്വുർആൻ എടുത്ത് പറഞ്ഞകാര്യം മലശുചീകരണം മാത്രമാണ്. അഥവാ 'ഗാ ഇത്വി' ന്റെ കാര്യമേ പറഞ്ഞുള്ളൂ. ഗാഇത് എന്നാൽ സാക്ഷാൽ ഭാഷാർത്ഥ പ്രകാരം മലമെന്നല്ലാതെ മൂത്രമെന്നതിനർത്ഥമില്ല. അപ്പോൾ മൂത്രത്തിന്റെ കാര്യം നിസ്സാരമാണെന്ന് കണ്ടതിനാലായിരിക്കാം ക്വുർആൻ അത് നിർബന്ധപൂർവ്വം എടുത്ത് പറയാതിരുന്നത്!'' *(ക്വുർആനിലെ നമസ്കാര രൂപം. പേജ്. 43, 44)*

കണ്ടില്ലേ? അദ്ദേഹത്തിന് മൂത്ര വാർച്ച വന്നപ്പോൾ മൂത്രം ശുദ്ധിയായി. അതിന് ക്വുർആനിൽ ഒരു ദുർവ്യാഖ്യാനവും. ക്വുർആനിൽ ഗാഇത്വിന്റെ കാര്യം പറഞ്ഞിട്ടുണ്ടെങ്കിൽ മൂത്രത്തിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ല എന്ന് തലക്കു വെളിവുള്ള ഒരു സാധാരണക്കാരനുപോലും അറിയാം. കഷ്ടം!

ചേകന്നൂരീ മതത്തിലെ മാലിന്യങ്ങളിൽ നിന്നും ശുദ്ധിയാവുന്ന രൂപം കണ്ടല്ലോ. ഇനി ശേഷമുള്ള മര്യാദ വസ്ത്രധാരണമാണ് *(പേജ്. 44)* വസ്ത്രത്തിന്റെ വിഷയത്തിലും സംഗതി ബഹുരസംതന്നെ. അദ്ദേഹം പറയട്ടെ: ''നമസ്കാരത്തിന് വസ്ത്രധാരണം നിർബന്ധമായ മര്യാദയാണ്. അത് ശർത്തോ ഫർളോ അല്ല. എന്ന് വെച്ചാൽ വസ്ത്രധാരണത്തിൽ എന്തെങ്കിലും കുറവോ പോരായ്മയോ ഉണ്ടായാൽ അതുമൂലം നമസ്കാരം നിഷ്ഫലമാകുമെന്നൊന്നും പറയാൻ പാടില്ല.'' *(പേജ്. 44)*

അപ്പോൾ വസ്ത്രം വേണമെന്നേയുള്ളൂ. ഇത്രവേണമെന്നില്ല. ഒരു കോണകം ആയാലും മതിയാവുന്നതാണ്. ഇനി അതുമില്ലെങ്കിലും വലിയ കുഴപ്പമൊന്നുമില്ല. നമസ്കാരം ക്ലിയർ! ഈ 'സുന്നത്തും' ചേകന്നൂരികൾ ഒന്ന് ജനങ്ങൾക്ക് കാണിച്ചുകൊടുക്കണം. ജനങ്ങളൊന്ന് കാണട്ടെ ചേകന്നൂരികളുടെ കുമ്പമേള.

ചേകന്നൂർ മതത്തിലെ നമസ്കാരത്തിന്റെ മര്യാദകളാണ് ഇത്രയും വിവരിച്ചത്. ഇതിൽ നിന്നുതന്നെ കാര്യം വ്യക്തമാണല്ലോ. ശേഷം നമസ്കാരത്തിന്റെ ശർത്തുകളാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറയുന്നു: ''നമസ്കാരത്തിന്റെ മര്യാദകളാണ് ഇതേവരെ വിവരിച്ചത്. ഇനി ശർത്തുകളായി (നിബന്ധനകളായി) ഗണിക്കേണ്ട അഞ്ച് കാര്യങ്ങളുണ്ട്''. *(പേജ്. 46)*

ചേകന്നൂരിനെ ഭൂലോക ക്വുർആൻ പണ്ഡിതനായി അവതരിപ്പിക്കുന്ന ചേകന്നൂരികളോടൊരു ചോദ്യം. ക്വുർആനിലെ ഏത് ആയത്തിലാണ് നമസ്കാരത്തിന്റെ ശർത്വുകൾ അഞ്ചെണ്ണമാണെന്നുള്ളത്? ഏത് ആയത്തിലാണ് ഏതെങ്കിലുമൊരു കാര്യം പറഞ്ഞ് ഇത് നമസ്കാരത്തിന്റെ ശർത്താണെന്നുള്ളത്. ചേകന്നൂരികൾ കാണിക്കണം. അദ്ദേഹത്തിന്റെ അഞ്ചുകാര്യങ്ങൾ ഏതൊക്കെയാണ്. 1. ശഹാദത്ത്, 2. സകാത്ത്, 3 വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാവൽ. 4. തലക്ക് വെളിവുണ്ടാവുക. 5. നമസ്കാരത്തിന് ക്വുർആൻ നിശ്ചയിച്ച സമയമാവുക. *(പേജ്. 46–47)* ആദ്യത്തെ നാല് കാര്യങ്ങൾ തട്ടിമൂളി ഒഴിവാക്കി അഞ്ചാമത്തേത് മാത്രമാണ് അൽപം വിശദീകരിക്കാൻ ചേകന്നൂർ മെനക്കെട്ടത്. കാരണം അദ്ദേഹത്തിനറിയാം വിശദീകരിച്ചാൽ സംഗതി ഗുലുമാലാകുമെന്ന്. മന്ദബുദ്ധികളായ ചേകന്നൂരീ ഭക്തന്മാരെ കബളിപ്പിക്കാൻ അത്രയൊക്കെ മതിയല്ലോ. അദ്ദേഹം വിശദീകരിച്ച അഞ്ചാമത്തെ സംഗതിയും ഏറെ രസാവഹമാണ്. മൂന്ന് സമയത്ത് മൂന്ന് നമസ്കാരങ്ങൾ മാത്രമേയുള്ളൂവെന്നും അഞ്ചുനമസ്കാരങ്ങൾ തനിജൂതായിസമാണെന്നുമാണ് അദ്ദേഹം വാദിച്ചതിന്റെ രത്നച്ചുരുക്കം. എന്നാൽ അഞ്ചുനേര നമസ്കാരമല്ല; മൂന്നുനേര നമസ്കാരമാണ് തനിജൂതായിസമെന്ന് അദ്ദേഹം അറിഞ്ഞോ അറിയാതെയോ എഴുതിപോയിട്ടുണ്ട്. കാരണം ഓരോ സമയത്തും പിശാചിന്റെ വേദാന്തമോത്ത് കേട്ട് എന്തൊക്കെയോ കുത്തിക്കുറിക്കുന്ന ചേകന്നൂരിന്, താൻ ആദ്യം എഴുതിയതും ഇപ്പോൾ എഴുതുന്നതും തമ്മിൽ വൈരുദ്ധ്യം വരുമോ എന്നൊന്നും പരിശോധിക്കാൻ സമയമില്ലല്ലോ. മുസ്‌ലിംകളെ ജൂതന്മാരാക്കലാണല്ലോ മൂപ്പരുടെ കാര്യമായ ജോലി. അതിനിടക്ക് താൻ തനി ജൂതായിസത്തിലെത്തിപ്പെട്ടത് അദ്ദേഹം അറിഞ്ഞില്ല. മൂന്ന്നേര നമസ്കാരം മുസ്‌ലിംകളുടേതോ അതോ ജൂതന്മാരുടേതോ? ചേകന്നൂർ തന്നെ പറയട്ടെ? ''ഇന്ന് ലോകത്തുള്ള 110 ലക്ഷം ജൂതന്മാർ പൊതുവെ വിശ്വസിച്ചും ആചരിച്ചും പോരുന്നത്, അല്ലാഹു ആദ്യാവസാനം ആവർത്തിച്ചുപറഞ്ഞതും. ഏതുകാലത്തും പ്രായോഗികവുമായ ആ മൂന്ന് നേര നമസ്കാരം മാത്രമാണെന്ന സത്യം മുസ്‌ലിംകളാകുന്ന നമ്മളും നിർബന്ധമായും പഠിച്ചറിയേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചുരുക്കത്തിൽ ജൂതന്മാർപോലും ക്വുർആനിലെ സത്യത്തിലേക്ക് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ തിരിച്ചുവന്നിട്ടും ക്വുർആനിന്റെ യഥാർത്ഥ അനുയായികളായ നമ്മൾ മാത്രം ആ സത്യം അംഗീകരിക്കാൻ ഇന്നേവരെ തയ്യാറായിട്ടില്ലെന്ന് വരുമ്പോൾ ഇന്നത്തെ ലോകത്ത് ജൂതന്മാരേക്കാൾ വലിയ ക്വുർആൻ നിഷേധികളും റഹ്ബാനിയ്യത്തുകാരും അതിരുകവിഞ്ഞ അനാചാരക്കാരും നമ്മളാണെന്ന സത്യം ആയിരം പ്രാവശ്യം നാം സമ്മതിക്കേ

ണ്ടിയിരിക്കുന്നു''. *(നമസ്കാരം മൂന്നുമാത്രം. സി.എൻ. മൗലവിക്ക് ചുട്ടമറുപടി. രണ്ടാം എഡിഷൻ. 2003 ജൂലൈ പേജ്. 125-126)*

ആയിരം പ്രാവശ്യമല്ല പതിനായിരം തവണ നമ്മൾക്ക് സമ്മതിക്കാം; സാക്ഷാൽ ചേകന്നൂരികളാണ് നമസ്കാരത്തിന്റെ വിഷയത്തിൽ തനിജൂതായിസം പിന്തുടരുന്നത് എന്ന്. അഞ്ചുനേര നമസ്കാരം ജൂതായിസമാണെന്ന് അലമുറയിടുന്ന എട്ടും പൊട്ടും തിരിയാത്ത ചേകന്നൂരീ ഭക്തന്മാർ തങ്ങളുടെ തലതൊട്ടപ്പൻ തുറന്നടിച്ച ഈ കാര്യത്തെ കുറിച്ചെന്ത് പറയുന്നു? അഞ്ചുനേരം ജൂതായിസമാക്കാൻ മിനക്കെട്ട ചേകന്നൂരിന് താനെഴുതിയ ഈ യാഥാർത്ഥ്യം ഒരുപക്ഷെ ശ്രദ്ധിക്കാൻ സമയം കിട്ടിക്കാണില്ല. കാരണം അബൂഹുറൈറ(ﷺ)വിന്റെ പിന്നാലെ പായുമ്പോൾ ചിലപ്പോൾ സമയം കിട്ടിയെന്നുവരില്ല. എന്നാൽ യാതൊരു പണിയുമില്ലാതെ സർവ്വതന്ത്ര സ്വതന്ത്രരായി വിഹരിക്കുന്ന ചേകന്നൂരി കുഞ്ഞാടുകൾ തങ്ങളുടെ നേതാവിന്റെ ഈ വരികളെങ്കിലും വായിക്കാൻ സമയം കണ്ടെത്തുക. ചുരുക്കത്തിൽ മൂന്നുനേര നമസ്കാരമാണ് സാക്ഷാൽ ജൂതായിസമെന്നംഗീകരിച്ച ചേകന്നൂരിന് നന്ദി. എങ്കിലും അയ്യോ പാവം! അഞ്ചുനേര നമസ്കാരക്കാരായ മുസ്ലിംകളെ ജൂതന്മാരാക്കുന്നത് കാണുമ്പോൾ സഹതാപം തോന്നുന്നു.

ഇനി ജൂതന്മാരുടെ നമസ്കാരമെന്ന് ചേകന്നൂർതന്നെ സമ്മതിച്ച മൂന്ന് നേര നമസ്കാരം തന്നെ അവനവന് തോന്നുന്ന സമയത്ത് നിർവ്വഹിച്ചാൽ മതി. അതിന്റെ ആദ്യസമയത്തിൽ തന്നെ നിർവ്വഹിക്കണമെന്നുമില്ല. അദ്ദേഹം പറയുന്നു: ''മുസ്ലിം സമൂഹത്തെ വിഷമിപ്പിക്കാനും കഷ്ടപ്പെടുത്താനും വേണ്ടി മാത്രമാണ് എല്ലാ നമസ്കാരങ്ങളും അവ്വൽവക്തിൽ തന്നെ വേണമെന്ന പുരോഹിത മതം ലോകത്തിലെ സകല പള്ളികളിലും നടപ്പിലാക്കാൻ കാരണമായത്''. *(ക്വുർആനിലെ നമസ്കാര രൂപം. പേജ്. 51)*

സംഗതി ക്ലിയറായല്ലോ. ഇതാണ് ചേകന്നൂർ മതത്തിലെ നമസ്കാരത്തിന്റെ കോലം!!!